REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-07-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം ഇന്ന്.**
- **ഇന്ത്യയുടെ സ്വന്തം വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിർദേശിക്കാൻ ലോകത്ത് ഒരു ശക്തിക്കും അധികാരമില്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.**
- **തീവ്ര മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.<br>കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻ പിടുത്തത്തിന് വിലക്ക്.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ 581 പേർ ശേഷിക്കുന്നതായി മന്ത്രി വീണാ ജോർജ്.**
- **ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിന് വിജയം.**

## വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം ഇന്ന്. ഇരു സഭകളുടേയും സുഗമ പ്രവർത്തനത്തിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. നാളെയാരംഭിക്കുന്ന സമ്മേളനം ഓഗസ്റ്റ് 21 വരെ തുടരും. 21 ദിവസം ഇരു സഭകളും സമ്മേളിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്........

പാർലമെന്റിൽ ഉന്നയിക്കുന്ന സുപ്രധാന വിഷയങ്ങളിലെല്ലാം ചർച്ചയ്ക്ക് സന്നദ്ധമാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു ഇന്നലെ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ജൻ വിശ്വാസ് ഭേദഗതി ബിൽ ഉൾപ്പെടെ നിരവധി പ്രധാന നിയമനിർമ്മാണങ്ങൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരും. ദേശീയ-കായിക ഭരണ ബിൽ, മർച്ചന്റ്-ഷിപ്പിംഗ് ബിൽ എന്നിവയും സമ്മേളനകാലത്ത് പരിഗണിക്കും.

സർവകക്ഷിയോഗത്തിന് മുന്നോടിയായി ഇന്നലെ ഇന്ത്യ ബ്ലോക്ക് നേതാക്കൾ സമ്മേളനകാലത്ത് സ്വീകരിക്കേണ്ട തന്ത്രങ്ങൾ വീഡിയോ കോൺഫ്രൻസിങ്ങിലൂടെ ചർച്ച ചെയ്തു. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയ വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കാൻ യോഗം തീരുമാനിച്ചു.

✪✪✪

ഇന്ത്യയുടെ സ്വന്തം വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിർദേശിക്കാൻ ലോകത്ത് ഒരു ശക്തിക്കും അധികാരമില്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ വ്യക്തമാക്കി. പരമാധികാര രാഷ്ട്രമെന്ന നിലയിൽ എല്ലാ തീരുമാനങ്ങളും എടുക്കാൻ ഭരണനേതൃത്വത്തിനാണ് അധികാരമെന്ന് ഇന്ത്യൻ ഡിഫൻസ് എസ്റ്റേറ്റ് സർവീസ് ഓഫീസർ ട്രെയിനികളെ ഔദ്യോഗിക വസതിയിൽ അഭിസംബോധന ചെയ്ത ഉപരാഷ്ട്രപതി പറഞ്ഞു.

ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിൽ സിവിലിയൻ കേന്ദ്രങ്ങളെ ഒഴിവാക്കി ഭീകരത്താവളങ്ങൾ മാത്രം ആക്രമിച്ചാൽ മതിയെന്ന ഇന്ത്യയുടെ തീരുമാനം അങ്ങേയറ്റം ശ്രദ്ധാപൂർവമായിരുന്നു. സമാധാനത്തിലും അഹിംസയിലുമാണ് ഇന്ത്യ വിശ്വസിക്കുന്നത് എന്നതിന് തെളിവാണിതെന്നും ധൻകർ വിശദീകരിച്ചു.

✪✪✪

വനമഹോത്സവത്തിൽ ജഡ്ജിമാരുടെ മികച്ച പങ്കാളിത്തത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രകീർത്തിച്ചു. പാരിസ്ഥിതിക ഉത്തരവാദിത്തത്തിലേക്ക് പൗരന്മാരെ നയിക്കാൻ ജഡ്ജിമാരുടെ പങ്കാളിത്തം സഹായിക്കുമെന്ന അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. 'ഏക് പേട് മാ കെ നാം' പരിപാടിക്ക് പുതിയ ഊർജ്ജം പകരാൻ ജഡ്ജിമാരുടെ സാന്നിധ്യം പ്രചോദനമാകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

രാജ്യത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സൈബർ സുരക്ഷയ്ക്ക് വലിയ പ്രാധാന്യമുണ്ടെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു. ദേശീയ സുരക്ഷയുടെ അനിവാര്യ ഘടകമെന്ന നിലയിൽ മാത്രമല്ല രാജ്യത്തെ

യുവാക്കൾക്ക് തൊഴിലവസരങ്ങളിലേക്കും നവീകരണത്തിലേക്കും, പാതയായും സൈബർ സുരക്ഷ മാറിയെന്ന് ഗോയൽ വിലയിരുത്തി. മുംബൈയിലെ കാൻഡി വാലിയിൽ സൈബർ സ്കിൽ സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

രാജ്യവ്യാപകമായി 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ'പരിപാടിയുടെ വികസിത് ഭാരതത്തിന് 'നശാ മുക്ത് യുവ' എന്ന പേരിട്ട പ്രത്യേക പതിപ്പിന് ഇന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ നേതൃത്വം നൽകും. വാരണാസിയിലെ ബനാറസ് ഹിന്ദു സർവകലാശാല കാമ്പസിൽ നിന്നാണ് പരിപാടി ആരംഭിക്കുന്നത്.

CBSE, കേന്ദ്രീയ വിദ്യാലയ സംഗതൻ, കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ തുടങ്ങിയ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ഓസ്ട്രേലിയയിലെ സൺഷൈൻ കോസ്റ്റിൽ 66-ാമത് അന്താരാഷ്ട്ര മാത്തമാറ്റിക്കൽ ഒളിമ്പ്യാഡ് 2025-ൽ ഇന്ത്യ മൂന്ന് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവും നേടി. ഡൽഹിയിലെ കനവ് തൽവാർ, ആരവ് ഗുപ്ത, മഹാരാഷ്ട്രയിലെ ആദിത്യ മങ്കുടി എന്നിവരാണ് സ്വർണ്ണ മെഡൽ നേടിയത്. 1998ന് ശേഷം ഇന്ത്യ രണ്ടാം തവണയാണ് മൂന്ന് സ്വർണം സ്വന്തമാക്കുന്നത്.

✪✪✪

തീവ്ര മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. തിരുവനന്തപുരം, കൊല്ലം ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്........

കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻ പിടുത്തത്തിന് വിലക്ക് ഏർപ്പെടുത്തി. ഈ ദിവസങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കാസർകോഡ് ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ, ഇന്ന് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കലക്ടർ അവധി പ്രഖ്യാപിച്ചു.

പ്രൊഫഷണൽ കോളജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ട്യൂഷൻ സെൻ്ററുകൾ, മതപഠന കേന്ദ്രങ്ങൾ സ്പെഷ്യൽ ക്ലാസുകൾ എന്നിവയ്ക്ക് അവധി ബാധകമാണ്. മുൻ നിശ്ചയിച്ച പരീക്ഷകളിൽ മാറ്റമില്ല.

മലങ്കര അണക്കെട്ടിലെ ജലനിരപ്പ് ക്രമീകരിക്കാൻ ഇന്ന് ഷട്ടറുകൾ 200 സെ.മീ വരെ ഉയർത്തിയേക്കും. തൊടുപുഴയാറിലും മൂവാറ്റുപുഴയാറിലും ജലനിരപ്പ് സുരക്ഷിതമായതിനാൽ വെള്ളം പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ നിന്ന് ഐസൊലേഷൻ പൂർത്തീകരിച്ച 67 പേരെ കൂടി ഒഴിവാക്കി.

ഇതോടെ 581 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ശേഷിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു.പാലക്കാട്ട് 420 പേരും, കോഴിക്കോട്ട് 96 പേരും, മലപ്പുറത്ത് 63 പേരുമാണ് ഇപ്പോൾ പട്ടികയിൽ. എറണാകുളം, തൃശൂർ ജില്ലകളിലെ ഒരോരുത്തരും സമ്പർക്കപ്പട്ടികയിലുണ്ട്.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി കരട് വോട്ടർപട്ടിക ഈ മാസം 23-നും അന്തിമപട്ടിക അടുത്ത മാസം 30 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. 2025ലെ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിശദീകരിക്കാൻ തിരുവനന്തപുരത്ത് ചേർന്ന രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലുംഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന അടുത്ത മാസം 25 നകം പൂർത്തിയാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

കൊല്ലം ജില്ലയിൽ H1 N1 ഉണ്ടെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ഇൻഫ്ലുൻസ A ജില്ലയിൽ സ്ഥിരീകരിച്ചെങ്കിലും ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണത്തിലാണെന്ന് ജില്ലാ സർവെയ്‌ലെൻസ് ഓഫീസർ വ്യക്തമാക്കി. ഏഴ് വിദ്യാർത്ഥികൾക്കാണ് ഇൻഫ്ലുൻസ സ്ഥിരീകരിച്ചത്.

✪✪✪

ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിന് വിജയം. ലോർഡ്‌സിൽ 8 വിക്കറ്റിനാണ് ഇന്ത്യയുടെ പരാജയം. ഇതോടെ മൂന്ന് മത്സര പരമ്പര 1-1 ന് സമനിലയിലായി. മൂന്നാമത്തെയും അവസാനത്തെയും ഏകദിനം മറ്റന്നാൾ ചെസ്റ്റർ-ലെ-സ്ട്രീറ്റിലാണ്.

✪✪✪

ഡോ. B.C റോയ് ട്രോഫി ജൂനിയർ ആൺകുട്ടികളുടെ ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നാളെ പഞ്ചാബിലെ അമൃത്സറിൽ ആരംഭിക്കും. തെലങ്കാനയും ഗോവയും തമ്മിലാണ് ഉദ്ഘാടന മത്സരം. 10 ദിവസത്തെ ടൂർണമെന്റിൽ 16 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ടീമുകൾ പങ്കെടുക്കും.

✪✪✪

ഫെഡറൽ ബാങ്ക് കേരള ക്രിക്കറ്റ് ലീഗിന്റെ സീസൺ-2 വൈകിട്ട് തിരുവനന്തപുരത്ത് മന്ത്രി V. അബ്ദുറഹ്മാൻ ലോഞ്ച് ചെയ്യും. KCL ന്റെ ഭാഗ്യചിഹ്നങ്ങളും നിശാഗന്ധിയിൽ മന്ത്രി പ്രകാശനം ചെയ്യും. ഫാൻ ജേഴ്സി ക്രിക്കറ്റ് താരങ്ങളായ സഞ്ജുസാംസണും സൽമാൻ നിസാറും പുറത്തിറക്കും.

✪✪✪

കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിലെ കോളെജ് സ്പോർട്സ് ലീഗ് ഫുട്ബോളിൽ ഇന്ന് MES KVM കോളേജ് വളാഞ്ചേരി, തുമ്പ സെന്റ് സേവ്യേഴ്സിനെ നേരിടും. എറണാകുളം മഹാരാജാസ് കുസാറ്റുമായും കണ്ണൂർ SN കോളേജ്, മുവാറ്റുപുഴ നിർമല കോളജുമായും മത്സരിക്കും.

തിരുവനന്തപുരം LLNCPE - ഗുരുവായൂർ ശ്രീകൃഷ്ണ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് - കോഴിക്കോട് ഗുരുവായൂരപ്പൻ, പയ്യന്നൂർ കോളേജ് - കോതമംഗലം MA കോളജ് മത്സരങ്ങൾ ഉച്ചയ്ക്കാണ്.

വൈകീട്ട് കോട്ടയം ബസേലിയോസ് കോളജ് - കാലടി യൂണിവേഴ്സിറ്റിയേയും കൊല്ലം SN കോളേജ് - തൃശൂർ കേരള വർമ്മയേയും നേരിടും.

✪✪✪

കാസർകോട്ട് ഏഴാം ക്ലാസ് വിദ്യാർത്ഥിയെ സ്കൂളിൽ മർദ്ദിച്ചെന്ന പരാതിയിൽ മന്ത്രി V ശിവൻകുട്ടി അന്വേഷണത്തിന് നിർദേശം നൽകി. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറാണ് സംഭവം അന്വേഷിക്കുന്നത്.

✪✪✪

കോട്ടയം തലയാഴം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ വികസന പ്രവർത്തനങ്ങൾ മന്ത്രി റോഷി അഗസ്റ്റിൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആറുകോടി പത്തുലക്ഷം രൂപയാണ് പദ്ധതിക്ക് അനുവദിച്ചിരിക്കുന്നത്.

✪✪✪

തിരുവനന്തപുരം നെടുമങ്ങാട് റോഡിൽ പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ചു. പനയമുട്ടം സ്വദേശി അക്ഷയ് ആണ് മരിച്ചത്. കാറ്ററിങ്ങ് ജോലി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ പുലർച്ചെയായിരുന്നു അപകടം.

✪✪✪

കൊല്ലത്ത് ലൈറ്റ് ഫിഷിംഗ്, പെയർ ട്രോളിംഗ് തുടങ്ങിയ അനധികൃത മത്സ്യബന്ധനത്തിനെതിരെ കർശന നടപടിയെടുക്കാൻ സ്പെഷ്യൽ ഡ്രൈവ് നടത്തും. ഫിഷറീസ്, കോസ്റ്റൽ പൊലീസ്, മറൈൻ എൻഫോഴ്മെന്റ് വിഭാഗങ്ങളുടെ യോഗത്തിലാണ് സംയുക്ത പരിശോധനയ്ക്ക് തീരുമാനമായത്.

✪✪✪

കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് നിന്ന് കഴിഞ്ഞയാഴ്ച 29 കിലോയോളം കഞ്ചാവ് പിടിച്ച കേസിൽ രണ്ട് പേരെക്കൂടി കസബ പൊലീസ് പിടികൂടി.

കഴിഞ്ഞ ബുധനാഴ്ച ബംഗളൂരുവിൽ നിന്ന് കഞ്ചാവ് കടത്തികൊണ്ടുവന്ന ഷാജി, മൊമീനുൾ മലിദ എന്നിവരെ അറസ്റ്റ് ചെയ്തിരുന്നു. തുടർന്നുണ്ടായ അന്വേഷണത്തിലാണ് സംഘത്തിലെ പ്രധാനികളായ ഷാഹിദ് ആലം വിശ്വാസ്, കൊച്ചി സ്വദേശി അനിൽ എന്നിവർ പിടിയിലായത്.

✪✪✪

മലപ്പുറം കാളികാവിൽ വീണ്ടും കടുവയുടെ ആക്രമണം റിപ്പോർട്ട് ചെയ്തു. ഒരു പശുവിനെ  കടുവ ആക്രമിച്ചു. കടുവയെ കണ്ടതോടെ ഉടമ നാസർ ഓടി രക്ഷപ്പെടുകയായിരുന്നു.

✪✪✪

*News Editor:  പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജ്ന കെ*
*DEO: സി കെ സുബോധ്*